## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6334      20.11.2019 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനങ്ങൾ

**ചോദ്യം**
ശ്രീ.വി.എസ്.ശിവകുമാർ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ, അർദ്ധസർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ താല്ക്കാലിക നിയമനങ്ങൾ നടത്താവൂ എന്ന നിയമം നിലവിലുണ്ടോ; | (എ) | ഉണ്ട്. 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റ് പ്രകാരം എല്ലാ സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. |
| (ബി) | ഇത് പ്രകാരമാണോ സംസ്ഥാനത്തെ മേൽ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത്; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് വകുപ്പ് നടത്തുന്നത്; | (ബി) | സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവന്മാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും കർശനനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 9 (a) (i) പ്രകാരം സർക്കാർ വകുപ്പുകളിലെ എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തേണ്ടതാണ് എന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് 05.02.2014-ലെ 25941/ജി2/2013/ലേബർ നമ്പർ സർക്കുലറിലും, 22.02.2016-ലെ 1046913/ജി2/2016/ തൊഴിൽ നമ്പർ കത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യം കൂടുതൽ ശക്തമാക്കുന്നതിന് പുതിയ നിയമനിർമ്മാണം കൊണ്ടുവരുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് പുതിയ നിയമനിർമ്മാണ സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**